# SYRO MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

**Most Rev. Dr. Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Catholic Archbishop's House, Marygiri,
P. B. No. 4, Tiruvalla - 689101.

**Circular No. 06 / 2017** 24.07.2017

അഭിവന്ദ്യ പിതാക്കന്മാരേ, ബഹു. ജനറാളച്ചാ, വന്ദ്യ കോർഎപ്പിസ്ക്കോപ്പമാരേ,
ബഹു. വൈദികരേ, ബഹു. സന്യസ്തരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

**1. വൈദികരുടെ തുടർപരിശീലനവും പൗരോഹിത്യജൂബിലി ആഘോഷവും:**

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി പുണ്യവാന്റെ തിരുനാളിനോടനുബന്ധിച്ച് നടത്താറുള്ള വൈദികസമ്മേളനത്തിലേയ്ക്ക് ബഹു. അച്ചന്മാരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു; ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. നിർബ്ബന്ധമായും ഈ മീറ്റിംങ്ങിൽ പങ്കെടുക്കണം.

പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന റവ. ഫാ. വർക്കി ചുണ്ടേവാലേൽ, റവ. ഫാ. ജോർജ് തുണ്ടിയിൽ, റവ. ഫാ. ജോർജ് പത്തിപ്പറമ്പിൽ എന്നിവരേയും പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന റവ. ഫാ. ജോസ് കല്ലുമാലിക്കൽ (ഫിനാൻസ് ഓഫീസർ), റവ. ഡോ. ചെറിയാൻ ജോൺ കോട്ടയിൽ (ചാൻസിലർ), റവ. ഫാ. ഇട്ടി മാത്യു പുളിക്കൽ (പുറമറ്റം, ഇരവിപേരൂർ), റവ. ഫാ. സാബു വർഗീസ് മരുതൂർ (ചെന്നൈ) എന്നീ അച്ചന്മാരെ പ്രാർത്ഥനപൂർവ്വം സ്മരിക്കുന്നു. നന്മകളും ആയുരാരോഗ്യവും ജുബിലി മംഗളങ്ങളും നേരുന്നു. നിങ്ങളുടെ വിലപ്പെട്ട സേവനത്തെ സഭ എന്നും ആദരിക്കുന്നു. നിങ്ങളുടെ സേവനം തുടർന്നും സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി ഭവിക്കട്ടെ.

<u>പ്രോഗ്രാം</u>

**2017 ആഗസ്റ്റ് 3 വ്യാഴം :**

| | |
|---|---|
| 6.00 p.m | സന്ധ്യാപ്രാർത്ഥന |
| 6.30 p.m | ജുബിലി ആശംസകൾ |
| 8.00 p.m | അത്താഴ വിരുന്ന് |
| 8.45 p.m | Pastoral Sharing: Rev. Msgr.Christoph Kühn (Germany) |
| 9.30 p.m | വിശ്രമം. |

**2017 ആഗസ്റ്റ് 4 വെള്ളി :**

| | |
|---|---|
| 6.00 a.m | പ്രഭാത പ്രാർത്ഥന, വിശുദ്ധ കുർബാന |
| 7.30 a.m | പ്രഭാത വിരുന്ന് |
| 9.00 a.m | ക്ലാസ്സ്-I അജപാലന ജാഗ്രത; ശ്രീ ജേക്കബ് പുന്നൂസ് I.P.S (R.td. D.G.P.) |
| 10.00 a.m | കോഫി ബ്രേക്ക് |
| 10.15 a.m | ക്ലാസ്സ് -II On Accounting by Mr.Alexander C. A, Kallarakal |
| 11.30 a.m | Sharing Session<br>Concluding Session |
| 12.30 p.m | മദ്ധ്യാഹ്നപ്രാർത്ഥന, ഉച്ചഭക്ഷണം, വിടവാങ്ങൽ. |

**2. ഉപരിപഠനത്തിന് റോമിലേയ്ക്ക് :**

റവ. ഫാ. വർഗ്ഗീസ് വല്യാന്റെപറമ്പിൽ ഉപരിപഠനാർത്ഥം 2017 ആഗസ്റ്റ് മാസം റോമിലേയ്ക്ക് പോകുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ബഹു. അച്ചന് എല്ലാ മംഗളങ്ങളും ഭാവുകങ്ങളും വിജയങ്ങളും പ്രാർത്ഥനപൂർവ്വം നേരുന്നു.

**3. ദേഹവിയോഗം, അനുശോചനം:**

ബഹുമാനപ്പെട്ട ഡേവിഡ് വടക്കുംമുറിയിൽ അച്ചന്റെ വന്ദ്യ പിതാവ് അമിച്ചകരി ഇടവകയിൽ വടക്കുംമുറിയിൽ ശ്രീ. ഈപ്പൻ (ബ്രദർ കുഞ്ഞുമോൻ) 2017 ജൂലൈ 20-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. അദ്ദേഹം പോട്ട ധ്യാനകേന്ദ്രത്തിന്റെ ആരംഭം മുതൽ കൗൺസിലിങ്ങ് ശുശ്രൂഷയിൽ പ്രാഗത്ഭ്യം തെളിയിച്ച ആത്മീക ഗുരുവായിരുന്നു . സ്വപിതാവിനോടും സഹോദരനോടുമൊപ്പം അമിച്ചകരി ഇടവകയുടെ ആരംഭത്തിന് നേതൃത്വം നൽകുകയും, തന്റെ പുത്രന് വൈദിക പഠനത്തിനുവേണ്ട പ്രേരണ നൽകുകയും ചെയ്ത ഒരു ഉത്തമ കുടുംബനാഥൻ എന്ന നിലയിൽ മക്കൾക്കു മാത്രമല്ല സഭയ്ക്കും അഭിമാനിക്കാൻ തക്ക സാന്നിദ്ധ്യവും ആത്മീക നേതൃത്വവും ആയിരുന്നു അദ്ദേഹം എന്ന് ആദരപൂർവ്വം ഓർക്കുന്നു; ആത്മാവിന് നിത്യശാന്തി നേരുന്നു. സന്തപ്ത കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

**4. വൈദികരുടെ വാർഷിക ധ്യാനം:**

അതിഭദ്രാസന വൈദിക സമൂഹത്തിന്റെ ആത്മനവീകരണം ലക്ഷ്യമാക്കി നടത്തിവരാറുള്ള വാർഷിക ധ്യാനം 2017 **ഒക്ടോബർ 2 മുതൽ 6** വരെ തീയതികളിൽ പാലാ അൽഫോൺസിയൻ റട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. സുപ്രസിദ്ധ ധ്യാനഗുരു റവ. ഡോ. പീറ്റർ താജിഷ് O.D.E.M ധ്യാനം നയിക്കുന്നതാണ്. നല്ല ഒരുക്കത്തോടും താല്പര്യത്തോടും കൂടി ധ്യാനത്തിൽ പങ്കെടുത്ത് ആത്മീകോല്ക്കർഷം പ്രാപിക്കുവാൻ ഏവരും ശ്രദ്ധിക്കുമല്ലോ.

നിങ്ങൾ ഏവർക്കും നന്മകൾ നേർന്നുകൊണ്ട്.
ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

---

NB : ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി വായിക്കേണ്ടതാണ്.